# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

## സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് സൗകര്യം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3949 — 26.6.2013 - ൽ മറുപടിയ്ക്ക്

ചോദ്യം — മറുപടി

| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ഉണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 5 മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള താഴെപ്പറയുന്ന 6 ആശുപത്രികളിലും ഡയാലിസിസിനുള്ള സൌകര്യം ലഭ്യമാണ്.<br>1. തിരുവനന്തപുരം - ജനറൽ ആശുപത്രി<br>2. എറണാകുളം - ജനറൽ ആശുപത്രി<br>3. എറണാകുളം - ജില്ലാ ആശുപത്രി, ആലുവ<br>4. പാലക്കാട് - ജില്ലാ ആശുപത്രി, പാലക്കാട്<br>5. കോട്ടയം - ജില്ലാ ആശുപത്രി, കോട്ടയം<br>6. പത്തനംതിട്ട - ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| ബി) | ഡയാലിസിസ് മെഷീനുകളുടെ കേടുപാടുകൾ മൂലം എത്ര സർക്കാർ ആശുപത്രികളിൽ ഈ സംവിധാനം നിലവിൽ രോഗികൾക്ക് ലഭ്യമാകുന്നില്ല എന്നറിയിക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | യഥാസമയം മെഷീനുകളുടെ കേടുപാടുകൾ തീർക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ സർക്കാർ ആശുപത്രികൾക്കുണ്ട് എന്നറിയിക്കാമോ; | സി) | മെഷീനുകളുടെ ഗ്യാരണ്ടി / വാറണ്ടി, ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) എന്നിവ മുഖാന്തിരം മെഷീനുകളുടെ കേടുപാടുകൾ ഉടനടി പരിഹരിച്ചുവരുന്നു. ഇതിനായി അതാത് സ്ഥാപനങ്ങളുടെ തലവന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഡയാലിസിസ് മെഷീനുകളുടെ കേടുപാടുകൾ യഥാസമയം തീർക്കാത്തതിനാൽ വർഷങ്ങളായി ഉപയോഗശൂന്യമായിപ്പോകുന്ന സ്ഥിതി ശ്രദ്ധയിൽ പ്പെട്ടിട്ടു ണ്ടോ ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | ഇല്ലായെങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ ഒരു അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ? | ഇ) | ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ